(സി) ആയതിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താമരക്കുളം ഗ്രാമപഞ്ചായത്തിലെ ചാരുമൂട്ടിൽ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന കെ.ഐ.പി. വക സ്ഥലവും കെട്ടിടവും ചാരുമൂട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വിട്ടുനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം അനുയോജ്യമാണോയെന്ന് പരിശോധിച്ചുവരുന്നു.

(ബി) കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി എം.ഒ.പി.എഫ്. 2013-14 (സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എം.ഒ.പി.എഫ്. 2013-14 (സെൻട്രൽ ഷെയർ) -ൽ നാല് ലക്ഷം രൂപ ചെലവിൽ ഒരു വിസിറ്റേഴ്സ് റൂമും മൂന്ന് ലക്ഷം രൂപ ചെലവിൽ ഒരു വിമൺ പോലീസ് റെസ്റ്റ് റൂമും പതിമൂന്നാമത് ധനകാര്യ കമ്മീഷൻ അനുവദിച്ചതിൽ 9.09 ലക്ഷം രൂപ ചെലവിൽ ഒരു റെഡിമെയ്ഡ് ഡോർമിറ്ററിയും കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തോടൊപ്പം നിർമ്മിക്കുവാൻ ഭരണാനുമതിയും ഫണ്ടും കെ.പി.എച്ച്.സി.സി. ക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്ത് 51.09 ലക്ഷം രൂപ ചെലവിലാണ് കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം നടക്കുന്നത്.

(സി) കുറത്തികാട് പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിനായി ചുനക്കര വില്ലേജിലെ സർവ്വേ നമ്പർ 264/12-ൽപ്പെട്ട 8.09 ആർ തരിശുഭൂമി ആഭ്യന്തര വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്.

ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ട നിയമസഭാംഗങ്ങൾ

224 (3736) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന നിയമസഭയിൽ ക്രിമിനൽ കേസുകളിൽ പ്രതിചേർക്കപ്പെട്ട എത്ര പേർ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

സംസ്ഥാന നിയമസഭയിൽ ക്രിമിനൽ കേസുകളിൽ പ്രതിചേർക്കപ്പെട്ട 52 പേർ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly